# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2673

19.03.2015 ലെ മറുപടിക്ക്

## സ്പൈസസ് റൂട്ട് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് | **ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) ടൂറിസം വകുപ്പ് സ്പൈസസ് റൂട്ട് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) സ്പൈസസ് റൂട്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സംഘടനയായ UNESCO യുടെ പ്രാമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. കേരളാ ടൂറിസവും യുനെസ്കോയുമായി ഈ പദ്ധതിക്കായി MoU ഒപ്പുവയ്ക്കുകയും പദ്ധതി പ്രാവർത്തികമാക്കുന്നതിലേക്കായി ഒരു വിദഗ്ധ ഉപദേശക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:<br>• പുരാതന കാലത്ത് കേരളവുമായി വ്യാപാര ബന്ധം പുലർത്തിയിരുന്ന ഏഷ്യാ, ഫാർ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ 31-ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണം വഴി ടി രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും ചരിത്രപരവുമായ ബന്ധം വിപുലീകരിക്കുക<br>• സ്പൈസസ് റൂട്ടിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പൈതൃക നഗരങ്ങളുടേയും കേന്ദ്രങ്ങളുടേയും സംരക്ഷണവും പ്രോൽസാഹനവും<br>• ഈ പാത കടന്നു പോകുന്ന പ്രദേശങ്ങളിൽ സ്പൈസസ് റൂട്ടിനെ സമാധാനത്തിന്റെ മാധ്യമമായി രൂപപ്പെടുത്തുക<br>• ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാരകേന്ദ്രം സൃഷ്ടിക്കുക. |

- ആഗോള തലത്തിൽ സ്പൈസസ് റൂട്ട് ടൂറുകൾ വലിയ തോതിൽ പ്രോൽസാഹിപ്പിക്കുക.

കൂടാതെ സ്പൈസസ് റൂട്ട് പ്രചാരത്തിന്റെ ഭാഗമായി, സ്പൈസസ് റൂട്ടിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പ്രതിനിധികളുടെ സമ്മേളനം കേരളത്തിൽ സംഘടിപ്പിക്കും.

സി) വിനോദസഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ;

സി) ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായ സ്പൈസസ് റൂട്ട് പദ്ധതി വഴി അന്താരാഷ്ട്ര തലത്തിൽ തന്നെ കേരള വിനോദ സഞ്ചാര മേഖലയ്ക്ക് മഹത്തായ നേട്ടം കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആഗോള സഞ്ചാരികൾക്കായി സ്പൈസസ് റൂട്ട് ടൂറുകൾ പ്രോത്സാഹിപ്പിക്കുവാനും ഈ പദ്ധതി സഹായകമാകും. കൂടാതെ പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ ഈ പദ്ധതി കേരളാ ടൂറിസം മാർക്കറ്റിംഗിന് നൂതന വിപണന മേഖല തുറന്നുതരും.

ഡി) പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ;

ഡി) UNESCO, UNWTO എന്നീ അന്താരാഷ്ട്ര സംഘടനകളാണ് ഈ പദ്ധതിയ്ക്ക് പിന്തുണ നൽകുന്നത്.

സെക്ഷൻ ഓഫീസർ